"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകപ്പ് - വലപ്പാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ആയിരുന്ന ശ്രീമതി.അനിത കുമാരി.ടി.ഡി. സീനിയർ സൂപ്രണ്ടായിരുന്ന ശ്രീമതി. അന്റോറിയ ജേക്കബ് എന്നിവർക്കെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണം നടത്തുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഡിഡിഇ. (ക്യൂഐപി2) നെ ചുമതലപ്പെടുത്തി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ ഡി.എ വകുപ്പ്**

സ.ഉ.(സാധാ) നം.1635/2026/GEDN തീയതി,തിരുവനന്തപുരം, 24-02-2026

---

പരാമർശം:-

1. കുറ്റാരോപിതർക്ക് സർക്കാർ നൽകിയ 30/07/2024 -ലെ ഡിഎ1/9/2024-പൊ.വി.വ നമ്പർ കാണിക്കൽ നോട്ടീസ് /കുറ്റപത്രവും കുറ്റാരോപണ പത്രികയും
2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 10/02/2025- ലെ ഡി.ജി.ഇ/10551/2024/വിഎ1 നമ്പർ കത്ത്
3. കുറ്റാരോപിതർ സർക്കാരിൽ സമർപ്പിച്ച പ്രതിവാദ പത്രിക
4. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 12/07/2025- ലെ ഡി.ജി.ഇ/10551/2024/വിഎ1 നമ്പർ കത്ത്.
5. സ.ഉ.(സാധാ)നം.9610/2025/പൊ.വി.വ. തീയതി 10/11/2025
6. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 23/11/2025- ലെ ഡി.ജി.ഇ/10551/2024/വിഎ1 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ വലപ്പാട് ഉപജില്ലയിലെ കുണ്ടഴിയൂർ എസ്.എൻ.യു.പി.എസ്-ലെ എൽ.പി.എസ്.റ്റി ശ്രീ.ആൻസൺ ജോർജ് 20/03/2017 ന് നൽകിയ അവധി അപേക്ഷ യഥാസമയം മേൽ ഓഫിസിലേക്ക് അയക്കുന്ന കാര്യത്തിൽ വലപ്പാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും വരുത്തിയ കാലതാമസത്തിൽ വലപ്പാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ആയിരുന്ന ശ്രീമതി അനിത കുമാരി ടി.ഡി., സീനിയർ സൂപ്രണ്ടായിരുന്ന ശ്രീമതി അന്റോറിയ ജേക്കബ്, സീനിയർ ക്ലർക്ക്, ശ്രീ.യഹിയ എം.എ. പിഎ ടു ഡിഇഒ ആയിരുന്ന ശ്രീമതി ബീനജോൺ അറക്കൽ എന്നിവരുടെ ഭാഗത്തു നിന്നും ഗുരുതര വീഴ്ചയും തികഞ്ഞ അനാസ്ഥയും കൃത്യവിലോപവുമുണ്ടായതായി സർക്കാർ

കണ്ടെത്തുകയുണ്ടായി.

2) ടി കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ മേൽ ഉദ്യോഗസ്ഥരിൽ വലപ്പാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ആയിരുന്ന ശ്രീമതി.അനിത കുമാരി.ടി.ഡി., സീനിയർ സൂപ്രണ്ടായിരുന്ന ശ്രീമതി അന്റോറിയ ജേക്കബ് എന്നിവർക്കെതിരെ കെ.എസ്.ആർ പാർട്ട് 11 റൂൾ 59(d) പ്രകാരവും പിഎ ടു ഡിഇഒ ആയിരുന്ന ശ്രീമതി.ബീനജോൺ അറക്കലിനെതിരെ കെ.എസ്.ആർ പാർട്ട് 1 റൂൾ 59(b) പ്രകാരവും, ക്ലർക്കായിരുന്ന ശ്രീ.യഹിയ.എം.എ.ന് എതിരെ 1960-ലെ കെ.സി.എസ്. (സി.സി.&എ) ചട്ടം 15 പ്രകാരവും അച്ചടക്ക നടപടി ആരംഭിക്കുവാൻ തീരുമാനമെടുത്ത് പരാമർശം (1) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് /കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകിയിരുന്നു. ടി ഉദ്യോഗസ്ഥരിൽ ശ്രീ.യഹിയ 16/07/2024 ൽ മരണപ്പെട്ടതായി പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെയുള്ള തുടർ നടപടികൾ അവസാനിപ്പിക്കുവാൻ പൊതു വിദ്യാഭ്യസ ഡയറക്ടർക്ക് സർക്കാർ നിർദേശം നൽകിയിരുന്നു.

3) മേൽ കാരണം കാണിക്കൽ നോട്ടീസിന്മേൽ മറ്റുള്ള ഉദ്യോഗസ്ഥർ പരാമർശം (3) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിരുന്നു. ടി പ്രതിവാദ പത്രികയിന്മേൽ കുറ്റാരോപിതർ സമർപ്പിച്ച മറുപടി തൃപ്തികരമല്ലെന്നതിനാൽ ഈ വിഷയത്തിൽ ഔപചാരിക അന്വേഷണം കൂടി നടത്തിയ ശേഷം തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (4) ലെ കത്ത് പ്രകാരം ശിപാർശ ചെയ്തിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും മേൽ ഉദ്യോഗസ്ഥർക്കെതിരെ ബന്ധപ്പെട്ട ചട്ട പ്രകാരം സ്വീകരിച്ചു വരുന്ന അച്ചടക്ക നടപടി തുടരുവാൻ തീരുമാനിക്കുകയും ആയതിന്റെ ഭാഗമായ ഔപചാരിക അന്വേഷണം നടത്തുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഡിഡിഇ (ക്യുഐപി2) ശ്രീ.അസീസ് റ്റി.യെ ചുമതലപ്പെടുത്തി പരാമർശം (5) പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു. കുറ്റാരോപിതരായി കണ്ടെത്തിയ ഉദ്യോഗസ്ഥരിൽ ശ്രീമതി ബീനജോൺ അറക്കലിനെതിരെ കെ.എസ്.ആർ പാർട്ട് III റൂൾ 59(ബി) പ്രകാരമാണ് അച്ചടക്ക നടപടി സ്വീകരിച്ചിരുന്നതെന്നതിനാൽ ഔപചാരിക അന്വേഷണത്തിൽ ടിയാളെ ഉൾപ്പെടുത്തിയിരുന്നില്ല.

5) എന്നാൽ ഔപചാരിക അന്വേഷണം നടത്തുന്നതിന് സർക്കാർ ചുമതലപ്പെടുത്തിയ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഡിഡിഇ (ക്യൂഐപി2) ശ്രീ.അസീസ് റ്റി. കോഴിക്കോട് വിദ്യാഭ്യാസ ഉപ ഡയറക്ടർ ആയി സ്ഥലമാറ്റം ലഭിച്ച് 26/09/2025-ന് വിടുതൽ ചെയ്തതിനാൽ മറ്റൊരു ഉദ്യോഗസ്ഥനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയോഗിച്ചു ഉത്തരവ് നല്കണമെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (6) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

6) സർക്കാർ ഇക്കാര്യം പരിശോധിക്കുകയും, വലപ്പാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ സീനിയർ സൂപ്രണ്ടായിരുന്ന ശ്രീമതി അന്റോറിയ ജേക്കബ്, വലപ്പാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ആയിരുന്ന ശ്രീമതി അനിത കുമാരി ടിഡി. എന്നിവർക്കെതിരെ കെ.എസ്.ആർ പാർട്ട് III റൂൾ 59(ഡി) പ്രകാരം അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിനായി പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ മുൻ ഡിഡിഇ (ക്യൂഐപി2) ശ്രീ.അസീസ് റ്റി.യ്ക്ക് പകരം പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ നിലവിലെ ഡിഡിഇ. (ക്യൂഐപി2)-നെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

7) അന്വേഷണ ഉദ്യോഗസ്ഥൻ ഒരു മാസത്തിനകം റിപ്പോർട്ട് സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ ആർ
ഡെപ്യൂട്ടി സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ശ്രീമതി.അനിത കുമാരി ടി.ഡി., ശ്രീമതി അന്റോറിയ ജേക്കബ് എന്നിവർക്ക് (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഡിഡിഇ. (ക്യൂഐപി2) (പരാമർശം (1) കാരണം കാണിക്കൽ നോട്ടീസ്, പരാമർ ശം ( 2 ) പ്രതിവാദ പത്രിക എന്നിവയുടെ പകർപ്പുകൾ സഹിതം)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ്&ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ (പൊ.വി-ഡി.എ1/9/2024/പൊ.വി.വ.)

ഉത്തരവിൻ പ്രകാരം
Signed by
Dhanya M B
Date: 24-02-2026 16:50:49
സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു.പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എ.യ്ക്ക്